പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1614 11.08.2017-ലെ മറുപടിക്ക്

## റിസർവ് കണ്ടക്ടർ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എൻ. ഷംസീർ | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. റിസർവ് കണ്ടക്ടർ തസ്തികയിലേക്കുള്ള പി.എസ്.സി. യുടെ നിയമന ശിപാർശ നൽകി 6 മാസം കഴിഞ്ഞിട്ടും നിയമന ഉത്തരവ് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നിയമന ഉത്തരവ് നൽകാത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>നിലവിൽ കോർപ്പറേഷൻ അങ്ങേയറ്റം കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ട് ഉഴലുകയാണ്. വരവും ചെലവും തമ്മിൽ 140 കോടിയോളം രൂപയുടെ അന്തരം ഉണ്ട്. ജീവനക്കാർക്ക് ശമ്പളവും വിരമിച്ച ജീവനക്കാർക്ക് പെൻഷനും. മറ്റ് ആനുകൂല്യങ്ങളും നൽകാൻ പറ്റാത്ത അതീവ ഗുരുതര പ്രതിസന്ധിയിലാണ്. ഈ പ്രതിസന്ധി ഘട്ടത്തിലാണ് കേരള സർക്കാർ കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുനരുദ്ധാരണത്തിനായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രൊഫ.സുശീൽ ഖന്നയെ നിയോഗിച്ചിട്ടുള്ളത്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ RTC-കളെ അപേക്ഷിച്ച് കെ.എസ്.ആർ.ടി.സി.യിലെ ബസ് ജീവനക്കാർ അനുപാതം വളരെ കൂടുതലാണ്. ഇത് ദേശീയ ശരാശരിയിലേക്ക് എത്തിച്ചാൽ മാത്രമേ കെ.എസ്.ആർ.ടി.സിയുടെ സാന്നിദ്ധ്യവും നിലനിൽപ്പും ഉറപ്പ് വരുത്താൻ സാധിക്കുകയുള്ളൂ. ദേശീയ |

| | | | |
|---|---|---|---|
| | | | ശരാശരി 5.5 ആണ്. ടി ദേശീയ ശരാശരിക്ക് ഒപ്പമായി കോർപ്പറേഷനിലെ ബസ്സ് ജീവനക്കാരുടെ അനുപാതം ക്രമീകരിക്കുമ്പോൾ നിലവിലുള്ള ജീവനക്കാർ തന്നെ അധികമാണ്. ഈ സാഹചര്യത്തിൽ നിലവിലുള്ള ജീവനക്കാരെ പിരിച്ചു വിടാതെ സർവ്വീസിന്റെ എണ്ണം വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആയതിനാൽ പ്രൊഫ.സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് വിധേയമായി പുതിയ ജീവനക്കാരെ നിയമിക്കുന്നത് പരിഗണിക്കുന്നതാണ്. |
| (ബി) | പ്രസ്തുത നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് എന്നത്തേക്ക് നിയമന ഉത്തരവ് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രൊഫസർ സുശീൽ ഖന്നയുടെ പുനരുദ്ധാരണ പാക്കേജിന്റെ അടിസ്ഥാനത്തിൽ ഒഴിവുകൾക്ക് സാധ്യതയുണ്ടെങ്കിൽ നിയമന നടപടികളുമായി കോർപ്പറേഷൻ മുന്നോട്ട് പോകും. |

**സെക്ഷൻ ഓഫീസർ**